സർക്കാരിന്റെ വിദേശ-ആഭ്യന്തര കടങ്ങൾ

12 [295] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിദേശകടം ഇപ്പോൾ എത്ര തുക എന്നും ഇതിൽ ഈ സർക്കാർ വരുത്തിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരുകൾ വാങ്ങിയ വിദേശകടം എത്ര; വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശകടം എത്ര തുക തിരിച്ചടച്ചിട്ടുണ്ട്; ഇനി എത്ര തുക തിരിച്ചടയ്ക്കാനായി ഉണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) വിദേശകടമൊഴികെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള സംസ്ഥാനത്തിന്റെ കടം ഇപ്പോഴെത്രയാണ്; വിദേശ ഏജൻസികൾക്ക് കൊടുക്കുവാനുള്ള കടം എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) വിദേശ ഏജൻസികൾക്കും മറ്റു ധനകാര്യ സ്ഥാപനങ്ങൾക്കുമായും സംസ്ഥാനം ഈ സർക്കാർ വന്ന ശേഷം കൊടുത്തുതീർക്കേണ്ട പൊതുകടം എത്ര രൂപയാണ്; ഈ സർക്കാർ വരുന്നതിനു മുമ്പുള്ള തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിന്റെ പൊതുകടത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്തിന്റെ പൊതുകടം അടച്ചുതീർക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) പൊതുകടം തീർക്കുന്നതിനായി കേന്ദ്രത്തോട് എന്തെങ്കിലും സഹായം ഈ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) സംസ്ഥാന സർക്കാർ നേരിട്ട് വിദേശ ഏജൻസികളിൽ നിന്നും വായ്പ എടുക്കുന്നില്ല.

(ഡി) 2918.31 കോടി രൂപ.

സംസ്ഥാന സർക്കാർ നേരിട്ട് വിദേശ ഏജൻസികളിൽ നിന്നും കടമെടുത്തിട്ടില്ല.

(ഇ) അക്കൗണ്ടന്റ് ജനറലിന്റെ താല്കാലിക കണക്കുകളനുസരിച്ച് 31-10-2003 വരെ 34720 കോടി രൂപ പൊതുകടമുണ്ട്. 31-3-2001-ലെ പൊതുകടം 23919 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 10801 കോടി രൂപ.

(ജി) വീഴ്ച വരുത്താതെ നിശ്ചിത സമയത്ത് തിരിച്ചടച്ചുകൊണ്ടിരിക്കുന്നു.

(എച്ച്) ഇല്ല.

കേരള സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പലിശ

13 [296] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ മാസത്തിൽ കേരള സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പലിശയിനത്തിൽ പ്രതിമാസ തിരിച്ചടവ് എത്ര കോടി രൂപ ആയിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2003 ഡിസംബറിൽ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പലിശയിനത്തിലെ തിരിച്ചടവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പലിശയിനത്തിലെ തിരിച്ചടവിൽ എത്ര തുകയുടെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വായ്പാ തുകയുടെ തിരിച്ചടവ് 2000-01 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2003-04-ൽ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 ഏപ്രിൽ മാസത്തിൽ ആകെ നൽകിയ പലിശ 133 കോടി രൂപ.

(ബി ആന്റ് സി) 31-10-2003 വരെയുള്ള താത്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ.

(ഡി) 31-10-2003 വരെയുള്ള താല്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ആയതിനാൽ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

എ. ഡി. ബി., ലോകബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്ത തുക

14 [297] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എ.ഡി.ബി., ലോക ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് എന്ത് തുക കടമെടുത്തു എന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം ആവശ്യത്തിലേക്കാണ് എ. ഡി. ബി. തുക നൽകിയത്;

LIBRARY ARCHIVES Kerala Legislative Assembly